**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **16-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് സേനയിൽ ആവശ്യമായ അംഗങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന പോലീസ് സേനയിലെ നിലവിലെ അനുവദനീയ അംഗബലം 55,927 ആണ്. പോലീസ് ജില്ലകളിലെ ഓരോ സ്റ്റേഷൻ പരിധിയിലെയും ജനസംഖ്യ, കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം, സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അംഗബലം വർദ്ധിപ്പിക്കുന്നതിലേക്കായുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു( ഫയൽ നം. പി4/46/2023-ആഭ്യന്തരം). |
| (ബി) | സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് സേനയെ കൂടുതൽ നവീകരിക്കുന്നതിനും, കൂടുതൽ പേരെ സേനയിലേക്ക് റിക്രൂട്ട് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ബി) | സൈബർ വെല്ലുവിളികളോടുള്ള പ്രതികരിക്കേണ്ടത് മുൻകൂട്ടി കാണുന്നതിനും സൈബർ പോലീസ് സ്റ്റേഷനുകളിലെ സൈബർ ഇടം നിരീക്ഷിക്കുവാനും, കഴിവുകൾ ശക്തിപ്പെടുത്തുവാനും, സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാനും സൈബർ പട്രോളിങ്ങിനൊപ്പം അത്യാധുനിക സൈബർ ഡിവിഷൻ ആരംഭിക്കുന്നതിനും 25.01.2024 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ).നം.04/2024/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി 466 തസ്തികകൾ കേരളാ സിവിൽപോലിസ് വിഭാഗത്തിൽ നിന്നും ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും പുനർ വിന്യാസം വഴി സൃഷ്ടിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ